# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 895** **05.02.2020 ലെ മറുപടി**

## കല്ലട ജലസേചന പദ്ധതിയുടെ ഭാഗമായി നടക്കുന്ന പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി.പി. അയിഷാ പോറ്റി :** | **കെ.കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പമന്ത്രി)** |
| (എ) സംസ്ഥാനത്തെ ഏറ്റവും വലിയ ജലസേചന പദ്ധതിയായ കല്ലട ജലസേചന പദ്ധതിയുടെ ഭാഗമായി നിലവിൽ നടക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) കൊല്ലം പത്തനംതിട്ട ആലപ്പുഴ ജില്ലകളിലായിട്ടാണ് കല്ലട ജലസേചന പദ്ധതിയുടെ കനാൽ ശ്യംഖല വ്യാപിച്ചു കിടക്കുന്നത്. ഫീൽഡ് ചാനലുകൾ കൂടാതെ 911.5 കി.മീ. നീളത്തിലുള്ള കനാലുകളിൽ പൂർത്തീകരിച്ച 877.കി.മീ നിളത്തിൽ ഓരോ കനാലുകളുടെയും വാലറ്റം വരെ ജലവിതരണം ജനുവരി മാസം മുതൽ ജൂൺ ആദ്യവാരം വരെ നടത്തി വരികയും 220 കി.മീ. ഓളം നീളത്തിൽ പദ്ധതിയുടെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച റോഡുകളുടെ മേൽ നോട്ടവും നടത്തിവരുന്നു. ഇവയിൽ ചില ഭാഗങ്ങളിൽ റോഡുകൾ കനാലിൻറെ അക്വഡക്റ്റിന്റെ മുകളിൽ കൂടെയാണ് കടന്നു പോകുന്നത്. ഇക്കാരണത്താൽ തന്നെ ചുരുങ്ങിയ ദൈർഘ്യത്തിൽ ഗതാഗത സൗകര്യവും ലഭിക്കുന്നു. മേപ്പടി കനാൽ ശ്യംഖലയിൽ ധാരാളം അക്വഡക്റ്റുകളും 7 തുരങ്കങ്ങളും പാലങ്ങളും കട്ട് & കവർ ഉൾപ്പെടെ ഉള്ള നിർമ്മിതികളുടെ സംരക്ഷണവും നടത്തുന്നതു കൂടാതെ വളരെ സുരക്ഷിതത്വം ആവശ്യമായ തെന്മല ഡാം, സ്പിൽവേ,, ഒറ്റക്കൽ തടയണ മുതലായവയുടെ ഉപയോഗവും സുരക്ഷിതത്വവും നിയന്ത്രിച്ച് വരുന്നു. കല്ലടയാറ്റിൽ 1992 വരെ പല വർഷങ്ങളിലും ഉണ്ടാകുമായിരുന്ന വെള്ളപ്പൊക്കം ഡാമിൽ വെള്ളം ശേഖരിച്ച് നിയന്ത്രണ വിധേയമായി തുറന്നു വിടുന്നതു കാരണം ഒഴിവാക്കാൻ സാധിക്കുന്നു. ഇക്കാരണത്താലാണ് 2017-18 കാലയളവിൽ കല്ലടയാറ്റിൽ നിന്നുള്ള വെള്ളപ്പൊക്കം ഒഴിവാക്കാൻ സാധിച്ചത്. ഈ ജലസേചന പദ്ധതി വഴി ജലവിതരണം |

ആരംഭിക്കുന്നതിനു മുമ്പ് കൊല്ലം, പത്തനംതിട്ട ജില്ലകളിലെ മിക്ക ഭാഗങ്ങളിലും വേനൽക്കാലങ്ങളിൽ ടാങ്കർ വഴി കുടിവെള്ളം വിതരണം നടത്തിയിരുന്നു. എന്നാൽ 1994 ൽ ഈ പദ്ധതി വഴി ജലവിതരണം ആരംഭിച്ചതിനുശേഷം കനാൽ കടന്നുപോകുന്ന ഭാഗങ്ങളിലുള്ള എല്ലാ കിണറുകളും കുളങ്ങളും റീചാർജ്ജ് ചെയ്യുന്നു. അങ്ങനെ കുടിവെള്ള പ്രശ്നം പരിഹരിക്കപ്പെടുന്നു. കൊട്ടിയം, തഴുത്തല, ഉമയനല്ലൂർ തുടങ്ങിയ സ്ഥലങ്ങൾ ഇതിൽ പ്രധാനപ്പെട്ടവയാണ്.

തെന്മലയിൽ പ്രവർത്തിക്കുന്ന ജലവൈദ്യുത പദ്ധതിയ്ക്ക് കനാൽ വഴി ജലവിതരണം നടത്തുമ്പോഴും ഡാമിൽ ആവശ്യത്തിലധികം വെള്ളം ഉള്ളപ്പോഴും ദിനം പ്രതി 15 മെഗാവാട്ട് കറന്റ് ഉൽപാദിപ്പിക്കുന്നുണ്ട്. 53514 ഹെക്ടർ സ്ഥലത്ത് കൃഷി നടത്തുന്നതിനുവേണ്ടിയുള്ള സംവിധാനങ്ങളും, കനാൽ ശൃംഖല ഉള്ളതിൽ ചില കനാൽ ഭാഗങ്ങൾ പൂർത്തീകരിക്കാത്തതു കാരണവും നെൽ കൃഷി ചെയ്യുന്നതിൽ ഉള്ള വൈമുഖ്യം കാരണവും 75% ആയക്കട്ട് സ്ഥലത്ത് മാത്രമേ കൃഷിക്ക് വേണ്ടി വെള്ളം നൽകി വരുന്നുള്ളൂ. കൊല്ലം ജില്ലയിലെ മിക്ക കുടിവെള്ള പദ്ധതികളും കെഐ.പിയുടെ ജലത്തെ ആശ്രയിച്ചാണ് പ്രവർത്തിക്കുന്നത്. ഈ പദ്ധതികൾക്കെല്ലാം ക്രമാനുഗതമായി വെള്ളം നൽകിവരുന്നു. കൊല്ലം കോർപ്പറേഷനും അനുബന്ധ പഞ്ചായത്തുകൾക്കും വേനൽക്കാലത്തെ ഉപഭോഗത്തിനു വേണ്ടി ശാസ്താംകോട്ട കായലിൽ വെള്ളം ലഭ്യമല്ലാത്തതിനാൽ ശാസ്താംകോട്ടയിലുള്ള ജല അതോറിറ്റിയുടെ ശുദ്ധീകരണ ശാലയിലേക്ക് 2016 മേയ് മാസം മുതൽ ആവശ്യമായ വെള്ളം നൽകിവരുന്നു. കനാലും കനാൽ നിർമ്മിതികളും 1967 കാലം മുതൽ നിർമ്മിച്ചവ ആയതു കൊണ്ടും, കാലാവസ്ഥാ വ്യതിയാനങ്ങൾ കാരണവും അടിയന്തിരമായി അറ്റകുറ്റപ്പണികൾ ചെയ്യേണ്ട സാഹചര്യമുണ്ട്. കാലാകാലങ്ങളായി ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് മുൻഗണനാ ക്രമത്തിൽ ആയത് ചെയ്തു വരുന്നു.

ഓരോ വർഷവും കൃഷി ഉദ്യോഗസ്ഥൻമാരുമായും മറ്റും ആലോചിച്ച് മുൻഗണനാ ക്രമം നിശ്ചയിച്ച് വാട്ടർ കലണ്ടർ ഉണ്ടാക്കി ജലവിതരണം നടത്തി വരുന്നു.

2018-2019 വർഷങ്ങളിൽ ഉണ്ടായ പ്രകൃതിക്ഷോഭം കാരണം അടിയന്തിരമായി ചെയ്യേണ്ടുന്ന 221 അറ്റകുറ്റപ്പണികൾ എസ്.ഡി.ആർ.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി 14.21 കോടി രൂപയ്ക്ക് അംഗീകാരം ലഭിക്കുകയും ആയവയുടെ പ്രവൃത്തികൾ നടന്നുവരുകയും ചെയ്യുന്നു. 1970 കാലം മുതൽ കനാൽ നിർമ്മാണവുമായി ബന്ധപ്പെട്ടും സ്ഥലമെടുപ്പുമായി ബന്ധപ്പെട്ടും ധാരാളം കേസുകൾ വിവിധ കോടതികളിലായി നടന്നുവരുന്നു. ഈ കേസുകളിലെല്ലാം തന്നെ സർക്കാർ ഭാഗം സംരക്ഷിക്കുന്നതിനു വേണ്ടി ആവശ്യമായ സത്യവാങ്മൂലങ്ങൾ നൽകി കേസ് നടത്തി വരുന്നു.

(ബി) കല്ലട ജലസേചന പദ്ധതിയുടെ കൊട്ടാരക്കര സർക്കിൾ ഓഫീസിന്റെ പ്രധാന ചുമതലകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) 1967 ൽ ചുരുങ്ങിയ ആയക്കട്ടും കനാൽ ദൈർഘ്യവുമായി ആരംഭിച്ച പദ്ധതി മതിയായ ജലലഭ്യതയുടെയും കാർഷിക ആവശ്യങ്ങളുടെയും അടിസ്ഥാനത്തിൽ പദ്ധതിയുടെ വ്യാപ്തി വർദ്ധിപ്പിച്ച് തോട്ടവിളകൾക്കും കൂടി ജലസേചനം നൽകുന്നതിനും 15 മെഗാ വാട്ട് കറണ്ട് ദിനം പ്രതി ഉൽപാദിപ്പിക്കുന്നതിനും തക്കരീതിയിൽ മാറ്റം വരുത്തുകയും ആയതിലേക്ക് വേൾഡ് ബാങ്കിൽ നിന്ന് ലോൺ ലഭ്യമാക്കി കനാലുകളുടെയും ഡാമുകളുടേയും പ്രവൃത്തികൾ പൂർണ്ണ തോതിൽ നടന്ന് വന്ന കാലയളവിൽ കല്ലട പദ്ധതിക്കു വേണ്ടി മാത്രമായി ഒരു ചീഫ് എഞ്ചിനീയർ ഓഫീസും 4 സർക്കിൾ ഓഫീസുകളും 22 ഡിവിഷൻ ഓഫീസുകളും അതിനനുബന്ധമായ സബ് ഡിവിഷനും സെക്ഷൻ ഓഫീസുകളും ഉണ്ടായിരുന്നു. എന്നാൽ കനാലുകൾ പൂർത്തീകരിച്ചതോടുകൂടി പല ഘട്ടങ്ങളിലായി ഓഫീസുകൾ നിർത്തലാക്കി. നിലവിൽ കൊട്ടാരക്കരയിലുള്ള ഒരു സർക്കിൾ ഓഫീസും 2 ഡിവിഷൻ ഓഫീസുകളും 7 സബ് ഡിവിഷൻ ഓഫീസുകളും അതിന് അനുബന്ധമായ സെക്ഷൻ ഓഫീസുകളും മാത്രമാണുള്ളത്. മൂന്ന് ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന കനാലുകളിലൂടെ ജലവിതരണത്തിൻറെയും അറ്റകുറ്റപ്പണികളുടേയും ഏകീകരണവും, സെൻട്രൽ വാട്ടർ കമ്മീഷൻ, കേരള സർക്കാർ എന്നിവിടങ്ങളിലേക്ക് ഈ പദ്ധതിയുമായി ബന്ധപ്പെട്ടുള്ള ഡോക്യുമെൻറേഷനുകളും, നിർദ്ദേശങ്ങൾ

കൈമാറലും നടന്നു വരുന്നു. 1970 മുതൽ നാലു സർക്കിളുകളിലായി കോടി കണക്കിനു രൂപയുടെ പ്രവൃത്തികളുടെ എഗ്രിമെൻറുകളുടെ എല്ലാം തന്നെ നടപടികൾ ഇപ്പോൾ ഈ ഒറ്റ ഓഫീസിലാണ് കൈകാര്യം ചെയ്തു വരുന്നത്. പല കോടതികളിലായി വർക്ക് സംബന്ധമായി നിലനിൽക്കുന്ന 200 കോടിയിൽപ്പരം രൂപയുടെ കേസുകൾ ഈ ഓഫീസ് മുഖാന്തിരം സർക്കാരിനുവേണ്ടി നടത്തി വരുന്നു. ബഹു. സുപ്രീം കോടതിയിൽ 74 എസ്.എൽ പി (സി) കേസുകൾ നടന്നുവരുന്നു. സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ സാങ്കേതികാനുമതി വേണ്ടുന്ന എല്ലാ പ്രവൃത്തികളുടെയും സാങ്കേതികാനുമതി സൂക്ഷ്മപരിശോധന നടത്തി നൽകി വരുന്നു. വാട്ടർ കൺസർവേഷൻ ആക്ട് പ്രകാരം കനാലിന് കുറുകേയുള്ള കലുങ്കുകളുടേയും പാലങ്ങളുടേയും നിർമ്മാണത്തിനും, കനാലിന്റെ വശങ്ങളിലൂടെ പഞ്ചായത്തിനും മറ്റും റോഡുകളും വഴികളും നിർമ്മിക്കുന്നതിന് അനുമതി നൽകുന്നത് സർക്കിൾ ഓഫീസിലെ സൂപ്രണ്ടിംഗ് എഞ്ചിനീയറാണ്. സർക്കിൾ ഓഫീസ് കല്ലട റിവർ ബേസിന്റെ കോക്കസ് ഗ്രൂപ്പിന്റെ തലവനായി പ്രവർത്തിച്ച് ഹരിതകേരളവുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. വേൾഡ് ബാങ്കിന്റെ ധനസഹായത്തോടുകൂടിയുള്ള ഡാമുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ (ഡ്രിപ്പ്) എഗ്രിമെൻറ് വച്ച് ഏകോപിപ്പിച്ച് സർക്കാർ ഓഫീസ് മുഖാന്തിരം നടത്തിവരുന്നു. കർഷകരുടെയും കൃഷി ഉദ്യോഗസ്ഥരുടെയും മറ്റും ആവശ്യാനുസരണം ഫീൽഡ് ഉദ്യോഗസ്ഥരുമായി യോഗം ചേർന്ന് മൂന്ന് ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന കനാൽ വഴിയുള്ള ജല വിതരണത്തിൻറെ വാട്ടർ കലണ്ടർ തയ്യാറാക്കി ജലവിതരണം ഏകോപിപ്പിക്കുന്നതും കൊട്ടാരക്കരയിലുള്ള സർക്കിൾ ഓഫീസാണ്.

(സി) കെ.ഐ.പി. കനാലുകളുടെ അറ്റകുറ്റപണിക്കായി ഈ സാമ്പത്തിക വർഷം എന്ത് തുക അനുവദിച്ചിരുന്നു എന്നും അതിന്മേൽ സ്വീകരിച്ച തുടർനടപടികളും വിശദമാക്കാമോ;

(സി) എസ്.ഡി ആർ.എഫ് -ൽ ഉൾപ്പെടുത്തി കനാലുകളിലെ 221 അറ്റകുറ്റപ്പണികൾ 14.21 കോടി തുകയ്ക്ക് അനുവദിച്ച് നടത്തിവരുന്നു. കൂടാതെ നോൺ പ്ലാൻ ഫണ്ടിൽ ഒരു കോടി രൂപ അനുവദിച്ചതിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി

ചെയ്യാമെന്നേറ്റിരുന്ന പ്രവൃത്തികൾ പഞ്ചായത്തിൽ നിന്ന് വിസമ്മതം അറിയിച്ചതിനെ തുടർന്ന് കനാലുകളുടെ കാട് വെട്ടൽ, ചെളി നീക്കൽ തുടങ്ങിയ പ്രവൃത്തികൾ ഉൾപ്പെടെ 2.4 കോടി രൂപയുടെ പ്രവൃത്തികൾ നടന്ന് വരുന്നു.

(ഡി) കല്ലട ജലസേചന പദ്ധതിയുടെ കൊട്ടാരക്കര സർക്കിൾ ഓഫീസ് നിർത്തലാക്കുന്നതിന് ആലോചനയുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

(ഡി) ഇല്ല.

സെക്ഷൻ ഓഫീസർ